# കാരക്കാട് എൽ.പി.സ്കൂൾ

രയരങ്ങോത്ത്

# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-26

# കാരക്കാട് എൽ.പി.സ്കൂൾ

**രയരങ്ങോത്ത്**



**സ്ഥാപിതം : 1905**

ഹെഡ്മാസ്റ്റർ : **അഭിലാഷാൽ.എൽ.എസ്**

മാനേജർ : **സത്യനാഥൻ.പി.കെ**

വളരെക്കാലം മുൻപ് 'കണ്ണൻ ഗുരിക്കൾ എന്നൊരാൾ' എഴുത്താശ്ശാൻ പള്ളിക്കൂടം ആയി തുടങ്ങിയതാണ് ഇന്നത്തെ കാരക്കാട് എൽ.പി.സ്കൂൾ. കണ്ണൻ ഗുരിക്കളിൽനിന്നും ബാസ്സൽ മിഷൻകാർ സ്കൂൾ ഏറ്റെടുത്ത് 'കാരക്കാട് ഹിന്ദു ബോയ്സ് സ്കൂളായി പ്രവർത്തിപ്പിച്ചു. അവർ പിൻമാറുമ്പോൾ ഗോപാലൻ കമ്പൗണ്ടർ എന്നയാൾക്ക് സ്കൂൾ കൈമാറുകയും ഇത് കാരക്കാട് എൽ.പി.സ്കൂളായി അറിയപ്പെടുകയും ചെയ് തു. കുറച്ചുകാലത്തിനുശേഷം കമ്പൗണ്ടറുടെ മകനായ ശ്രീ.ഭാ സ്കരൻ മാനേജരായി പിന്നീട് അയാൾ പെങ്ങളായ ശ്രീമതി.ദേ വഹൂതിക്ക് മാനേജ്മെന്റ് ഏൽപ്പിച്ചുകൊടുത്തു. ശ്രീമതി. ദേവ ഹൂതിയുടെ ഭർത്താവായ ശ്രീ. ചോയി മാസ്റ്റർ

ആയിരുന്നു 1976 രെ ഈ വിദ്യാലയത്തിലെ പ്രധാനാധ്യാപകൻ. ദേവഹൂതിയുടെ മരണശേഷം മാനേജ്മെന്റ് ശ്രീ. ചോയി മാസ്റ്ററുടെ പേരിൽ വന്നുചേർന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ മകനായ ശ്രീ.പി.കെ. സത്യനാഥനാണ് ഈ വിദ്യാലയത്തിന്റെ മാനേജർ.

സ്കൂൾ കെട്ടിടം പ്രീ.കെ.ഇ.ആർ പ്രകാരമുള്ളതാണ്. 1961 വ രെ ഇവിടെ അഞ്ചാംതരം വരെ ഉണ്ടായിരുന്നു. 1962 മുതൽ ഏ ഴ് ക്ലാസുകളോടെ നാലാംതരം വരെയുള്ള ഒരു എൽ.പി.സ്കൂളായി പ്രവർത്തിച്ചു വന്നിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ ഒരു അറബിക് അധ്യാപകനും നീഡിൽവർക്ക് ടീച്ചർ അടക്കം 9 അധ്യാപകർ ഇവിടെ ജോലി ചെയ്തിരുന്നു. നിലവിൽ ഒരു അറബിക് അധ്യാപകനടക്കം 5 പേർ ജോലി ചെയ്യുന്നു. ശ്രീ. ചോയി മാസ്റ്റർക്ക് ശേഷം പരേതയായ ശ്രീമതി.വി.ടി ശാന്ത ടീച്ചർ, പരേതനായ ശ്രീ. രാഘവൻ മാസ്റ്റർ, ശ്രീമതി.എം.വി. രാധടീച്ചർ, ശ്രീമതി.കെ.വിമല കുമാരി ടീച്ചർ, ശ്രീമതി.കെ.ഗീത ടീച്ചർ എന്നിവർ ഈ വിദ്യാലയത്തിന്റെ ഭരണസാരഥികളായി പ്രവർ ത്തിച്ചിട്ടുണ്ട്. നിലവിൽ 2014 മുതൽ ശ്രീ.അഭിലാഷ് ലാൽ എൽ.എസ്സ് ഈ വിദ്യാലയ ത്തിന്റെ പ്രധാനാധ്യാപകനായി തുടരുന്നു.

ഇവിടുത്തെ അധ്യാപകരുടെയും പി.ടി.എ-യുടെയും മാനേജ്മെന്റിന്റെയും കൂട്ടായ്മ യോടുള്ള പ്രവർത്തനമാണ് ഈ വിദ്യാലയത്തിന്റെ വിജയരഹസ്യം. പ്രഭാതഭക്ഷണം മുതൽ സ്കൂളിന്റെ ഭൗതിക സാഹ ചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള എല്ലാവിധ സഹകരണവും പി.ടി.എ-യുടെ ഭാഗത്തുനിന്നും ലഭി ക്കുന്നു. മാനേജരുടെ പങ്കാളിത്തവുമുണ്ട്. ക്ലാസ്മുറികളിൽ ഫാൻ. കുടിവെള്ളം ലഭിക്കാനുള്ള കുഴൽ കിണർ, പൈപ്പ്, മൂത്രപ്പുര, ശൗചാലയം, പുകയില്ലാത്ത അടുപ്പ്, സ്മാർട്ട് ക്ലാസ്റൂം, കമ്പ്യൂ ട്ടർ റൂം ഇവയെല്ലാം പി.ടി.എ-യുടെ പ്രവർത്തനഫലമായി ലഭ്യ മായതാണ്. കുട്ടികൾക്ക് ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കു ന്നതിലും, തറ സിമന്റിടുന്നതിലും മാനേജരോടൊപ്പം പി.ടി.എ -യും സഹകരിച്ചിട്ടുണ്ട്.

പഠനകാര്യത്തിലും, പാഠ്യേതര പ്രർത്തനങ്ങളിലും ഇവിടുത്തെ കുട്ടികൾ മുൻപന്തിയിലാണ്. വർഷങ്ങളായി കുട്ടികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ്പ് ലഭിക്കാറുണ്ട്. കലാമേള യിലും പ്രവൃത്തി പരിചയമേളയിലും ഈ വിദ്യാലയത്തിലെ കുട്ടികൾ താങ്കളുടെ സാന്നിധ്യ മറിയിച്ചിട്ടുണ്ട്. ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളിൽ പലരും സമൂഹത്തിലെ ഉന്നത സ്ഥാനങ്ങളിൽ എത്തിക്കാണുന്നു. പൂർവ്വ വിദ്യാർത്ഥികളുടെ അകമഴിഞ്ഞ സഹകരണം ഈ വിദ്യാലയത്തിന് ലഭിക്കാറുണ്ട്

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകപരിശീലനം നൽകി മുൻപന്തിയിൽ എത്തിക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG , ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | **വായനാശേഷി വളർത്തൽ** | | | |
| കഥാ വേള | | ജൂലൈ | ക്ലാസ് ടീച്ചർ | |
| ചിത്ര വായന | | ജൂലൈ | ക്ലാസ് ടീച്ചർ | |
| അക്ഷരപ്പാട്ട് | | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വായനാ കാർഡ് നിർമ്മാണ ശില്പശാല | | സെപ്തംബർ | PTA, SRG | PTA |
| ക്ലാസ് ലൈബ്രറി | | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| വായിക്കാം വരയ്ക്കാം | | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| ലൈബ്രറി ശാക്തീകരണം | | ഒക്ടോബർ | HM , SRG | PTA |
| പത്രവായന | | ആഴ്ചയിൽ രണ്ട് | ക്ലാസ് ടീച്ചർ | |
| വായന കൂട്ടം | | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| റീഡേഴ്സ് തിയേറ്റർ | | നവംബർ | ക്ലാസ് ടീച്ചർ | |

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഡയറി വായന | | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |
| സാക്ഷരം (മൊഡ്യൂൾ) | | നവംബർമുതൽ | SRG | സ്റ്റാഫ് ഫണ്ട് |
| കുഞ്ഞോർമ്മകൾ (പതിപ്പ് നിർമാണം) | | ഫെബ്രുവരി | ക്ലാസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| വായനോത്സവം | | മാർച്ച് | *HM,SRG* | PTA |
| **എഴുതാം തെളിയാം** | എഴുത്ത് പരിപോഷിപ്പിക്കൽ | | | |
| സംയുക്ത ഡയറി / ഡയറി എഴുത്ത് | | ജൂലായ് മുതൽ | ടീച്ചർ cpta | |
| ആഭരണമണിയിക്കൽ | | സെപ്റ്റംബർ മുതൽ | ക്ലാസ് ടീച്ചർ | |

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രത്തിൽ എന്തൊക്കെ | | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ | |
| പദനിർമ്മാണം | | മാസത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ | |
| ശ്രദ്ധ ( മൊഡ്യൂൾ ) | | സെപ്റ്റംബർ | SRG | സ്റ്റാഫ് ഫണ്ട് |
| ചിറക് (മോഡ്യൂൾ ) | | ഒക്ടോബർ | ക്ലാസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| ഈസി ഇംഗ്ലീഷ് | ഇംഗ്ലീഷ് ഭാഷാ പഠനം ഫലപ്രദമാക്കൽ | | | |
| *Daily a Word* | | | ക്ലാസ് ടീച്ചർ | |
| *Simple story* | | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് അസംബ്ലി | | മാസത്തിൽ ഒന്ന് | ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ | | നവംബർ | ക്ലാസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| Picture Dictionary | | പ്രതിമാസം | ക്ലാസ് ടീച്ചർ | |
| language games | | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| Puzzles | | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഹലോ ഇംഗ്ലീഷ് | | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഫെസ്റ്റ് | | മാർച്ച് | SRG | PTA |

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഗണിത മധുരം** | ഗണിത പഠനം രസകരമാക്കൽ | | | |
| സംഖ്യ കാർഡ് നിർമ്മാണം | | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| ഗണിത കിറ്റ് | | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| ഉല്ലാസ ഗണിതം | | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| ഗണിത ലാബ് | | ഒക്ടോബർ | SRG | PTA |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | | പ്രതിമാസം | ടീച്ചർ | |
| ഗണിതകേളി | | പ്രതിമാസം | ക്ലാസ് ടീച്ചർ | |
| അബാക്കസ് പരിശീലനം | | വർഷം മുഴുവൻ | ടീച്ചർ | CPTA |

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **എന്റെപരിസരം** | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | | | |
| ശാസ്ത്ര മൂല ഒരുക്കൽ | | ആഗസ്റ്റ് | SRG | സ്റ്റാഫ് ഫണ്ട് |
| എന്റെ പരീക്ഷണം | | പ്രതിമാസം | ക്ലാസ് ടീച്ചർ | |
| ഫീൽഡ് ട്രിപ്പ് | | ആവശ്യാനുസരണം | SRG | |
| ഔഷധ തോട്ട നിർമ്മാണം | | ജനുവരി | SRG | PTA |
| ഭൂപടം ഒരുക്കാം | | ജനുവരി | ക്ലാസ് ടീച്ചർ | |
| ശാസ്ത്രോത്സവം | | മാർച്ച് | SRG | സ്റ്റാഫ് ഫണ്ട് |